**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 01.10.2025

# ചെടിച്ചട്ടി സപ്ലൈ ചെയ്യുന്നതിനുള്ള കരാർ അനുവദിച്ചതിന് കമ്മീഷൻ ഇനത്തിൽ കൈക്കൂലി:- സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാൻ വിജിലൻസ് പിടിയിൽ.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന് ചെടിച്ചട്ടി വിതരണം ചെയ്യുന്നതിന് ഓർഡർ ലഭിച്ച കോഴിക്കോട് സ്വദേശിയായ പരാതിക്കാരനിൽ നിന്നും, ഒരു ചെടിച്ചട്ടിക്ക് 3 രൂപ വച്ച് കമ്മീഷൻ ഇനത്തിൽ ആവശ്യപ്പെട്ടുകയും, ആദ്യ ഗഡു ആയ 10,000/- രൂപ കൈക്കൂലി വാങ്ങുകയും ചെയ്ത കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാൻ കെ.എൻ. കുട്ടമണിയെ വിജിലൻസ് ഇന്ന് (01.10.2025) കയ്യോടെ പിടികൂടി.

കോഴിക്കോട് സ്വദേശിയായ പരാതിക്കാരനും സുഹൃത്തുക്കളും ചേർന്ന് തൃശ്ശൂർ ജില്ലയിലെ പാലിയക്കരയിൽ ഒരു കളിമൺ പാത്രനിർമ്മാണ വ്യവസായ യൂണിറ്റ് നടത്തി വരുന്നു. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന് 5372 എണ്ണം ചെടിച്ചട്ടികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ പരാതിക്കരന് 10.07.2025 തീയതി ലഭിച്ചിരുന്നു. 21.09.2025 തീയതി കേരളാ സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാൻ ആയ കുട്ടമണി പരാതിക്കാരനെ ഫോണിൽ വിളിച്ച് കരാർ നൽകിയതിനുള്ള

കമ്മീഷനായി 25,000/- രൂപ ആവശ്യപ്പെട്ടുകയും, പിന്നീട് 20,000/- നൽകിയാൽ മതിയെന്നും ഗൂഗിൾപേ മുഖാന്തിരം അയച്ച് നൽകിയാൽ മതിയെന്നും അറിയിച്ചിരുന്നു. തുടർന്ന് കുട്ടമണി പരാതിക്കാരനെ ഫോണിൽ ബന്ധപ്പെട്ട ശേഷം, പരാതിക്കാരൻ കോർപ്പറേഷന് വിതരണം ചെയ്യുന്ന ഒരോ ചെടിച്ചട്ടിക്കും 3 രൂപ വച്ച് കമ്മീഷൻ നൽകണമെന്നും, നിലവിൽ സപ്ലൈ ചെയ്തിരിക്കുന്ന ചെടിച്ചട്ടികളുടെ ബിൽ വേഗം മാറി നൽകാമെന്നും, അതിനായി ആദ്യ ഗഡുവായ 10,000/- രൂപ എത്തിച്ച് നൽകണമെന്നും ആവശ്യപ്പെട്ടു. കമ്മീഷനായി കൈക്കൂലി നൽകാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (01.10.2025) രാവിലെ 11.10 മണിക്ക് തൃശ്ശൂർ വടക്കേ സ്റ്റാൻഡിന് സമീപമുള്ള ഇന്ത്യൻ കോഫിഹൗസിൽ വച്ച് പരാതിക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങവേ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാനായ കുട്ടമണിയെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ , 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.